സ്ത്രീ പീഡന കേസുകൾ

201 (1945) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്താകെ എത്ര സ്ത്രീപീഡന കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വർഷം, ജില്ല ഇവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേർ ശിക്ഷിക്ക പ്പെട്ടിട്ടുണ്ടെന്നും പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ആകെ 61867 സ്ത്രീ പീഡന കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ 52,227 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം - 70,458

ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം - 1,563

വിജിലൻസ് അന്വേഷണം

202 (1946) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരായ ബാർകോഴ ആരോപണം സംബന്ധിച്ചുള്ള ത്വരിതാന്വേഷണം വിജിലൻസ് പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ്; ബാർകോഴ സംബന്ധിച്ചുയർന്നുവന്ന ഏതെല്ലാം പരാതികളെക്കുറിച്ചാണ് അന്വേഷിക്കുന്നത്; പരാതിക്കാരുടെയും ബാർ ഉടമകളുടെയും മൊഴികളും തെളിവുകളും പൂർണ്ണമായും ശേഖരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly